# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## ജി എൽ പി സ്കൂൾ

## നന്നമ്പ്ര

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിൻ്റെ പ്രധാനം ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

വിദ്യാഭ്യാസവകുപ്പ് ഈ വർഷം മുതൽ നടപ്പാക്കുന്ന *സമഗ്ര ഗുണമേന്മാ പദ്ധതി* ഉൾക്കൊള്ളുന്നതാണ് ഈ മാസ്റ്റർ പ്ലാൻ. വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിൻ്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന ഉറപ്പോടെയും അഭിമാനത്തോടെയും പൊതുസമൂഹത്തിനു മുമ്പിൽ സമർപ്പിക്കുന്നു.

| പി.ടി.എ. പ്രസിഡണ്ട് | എസ് എം സി ചെയർമാൻ | ഹെഡ്മിസ്ട്രസ് |
|---|---|---|
| **വിജയൻ എം** | **സുലൈമാൻ പി കെ** | **മറിയാമു കെ** |

**ഉള്ളടക്കം**

*കുട്ടിയെ അറിയാം*

*ക്ലബ്,ദിനാചരണ പ്രവർത്തനങ്ങൾ*

*കലാ- കായിക- പ്രവൃത്തിപരിചയം*

*പാഠ്യവിഷയങ്ങൾ*

*ഐ സി ടി*

*തനതു പ്രവർത്തനങ്ങൾ*

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**വിദ്യാലയത്തിന്റെ പേര് : ജി എൽ പി എസ് നന്നമ്പ്ര, സ്കൂളിലെ ആകെ കുട്ടികൾ :133,**
**പ്രത്യേക പരിഗണന ആവശ്യമുള്ളവർ: 2, ഇതര സംസ്ഥാന വിദ്യാർത്ഥികൾ :4**
**ക്ലാസ്സ്: 1 മുതൽ 4 വരെ. പ്ലാൻ കാലയളവ് : 2025 ജൂൺ മുതൽ 2026 മാർച്ച് വരെ**

**വിദ്യാലയത്തിന്റെ ഭൗതികസൗകര്യത്തിന്റെ പരിമിതികൾ:-**
**കായിക പരിശീലനം, സ്കൂൾതല മേളകൾ, അടുക്കളത്തോട്ടം, ജൈവവവിധ്യ പാർക്ക്, ശലഭോദ്യാനം,എന്നിവ ഒരുക്കുന്നതിൽ സ്കൂളിന്റെ സ്ഥല പരിമിതി ഒരു പ്രധാന തടസ്സമാണ്.സ്കൂളിന് സ്വന്തായി കൂടുതൽ സ്ഥലം ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.**

## മേഖല 1:കുട്ടിയെ അറിയാം

**ലക്ഷ്യങ്ങൾ:**

***ഓരോ കുട്ടിയേയുംപ്രത്യേകം മനസ്സിലാക്കുകയും അവർക്കുവേണ്ട പിന്തുണയും പ്രോത്സാഹനവും ഉറപ്പാക്കുകയും ചെയ്യുക. കുട്ടികളുടെ വ്യക്തിത്വ വികസനം ഉറപ്പുവരുത്തുക.*വ്യക്തിഗത മാസ്റ്റർപ്ലാൻ തയ്യാറാക്കുക.**

| പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|
| **ഗൃഹ സന്ദർശനം:**<br>ക്ലാസധ്യാപകർ ക്ലാസിലെ മുഴുവൻ കുട്ടികളുടെയും വീട് സന്ദർശിക്കുന്നു.ഗാർഹിക-സാമൂഹിക-സാമ്പത്തിക-ആരോഗ്യ-വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുന്നു. | ജൂൺ-ജൂലൈ | - | SRG,ക്ലാസ് ടീച്ചർ |
| CPTA മീറ്റിംഗ് എല്ലാ മാസവും ആദ്യ ആഴ്ചയിൽ. | ജൂൺ -മാർച്ച് | - | SRG |
| പ്രത്യേക പരിഗണന/ശ്രദ്ധ അർഹിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളുമായി എല്ലാ മാസവും വ്യക്തിഗത കൂടിക്കാഴ്ച-മാറ്റങ്ങൾ,പുരോഗതി വിലയിരുത്തൽ . | ജൂൺ -മാർച്ച് | - | SRG ക്ലാസ് ടീച്ചർ |
| രക്ഷിതാക്കൾക്ക് ആരോഗ്യ-പാരന്റിംഗ്-വ്യക്തിത്വ വികസന-ബാലാവകാശ-വിദ്യാഭ്യാസ ബോധവൽക്കരണം | ജൂൺ-ഡിസംബർ | 3000 | PTA,SRG |
| ദിനാചരണം,കലാ-കായിക-ശാസ്ത്ര മേളകൾ,സ്കൂൾ വാർഷികം എന്നിവയിൽ എല്ലാ കുട്ടികളുടെയും വ്യത്യസ്ത തരത്തിൽ പങ്കാളിത്തം ഉറപ്പു വരുത്തൽ | ജൂൺ -മാർച്ച് | - | SRG |
| ലജ്ജ,സഭാകമ്പം,അന്തർമുഖത്വം,മറ്റു പെരുമാറ്റപ്രശ്നങ്ങൾ ഇവ ഉള്ള കുട്ടികളിൽ ആത്മവിശ്വാസവും പോസിറ്റീവ് മനോഭാവവും വളർത്തിയെടുക്കാനുള്ള ഇടപെടലുകൾ | ജൂൺ -മാർച്ച് | - | SRG,ക്ലാസ് ടീച്ചർ |
| SRG യിൽ ഇവ പ്രാധാന്യത്തോടെ ചർച്ച ചെയ്യുകയും പരിഹാരങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നു | ജൂൺ -മാർച്ച് | - | SRG |

## മേഖല 2:ക്ലബ്,ദിനാചരണ പ്രവർത്തനങ്ങൾ

**പ്രവർത്തനലക്ഷ്യങ്ങൾ**

പഠനത്തെ ചരിത്രവുമായി ബന്ധിപ്പിക്കുക, പഠനത്തെ പ്രകൃതിയും സമൂഹവുമായി ബന്ധിപ്പിക്കുക.

പഠനത്തെ സമകാലിക സംഭവങ്ങളുമായി ബന്ധിപ്പിക്കുക.

നാടും ലോകവും പിന്നിട്ട ഇന്നലെകളെക്കുറിച്ച് ധാരണ ഉണ്ടാക്കുക.

ഒന്നിച്ച് പങ്കുവെച്ചും കളിച്ചും രസിച്ചും രുചിച്ചും കുട്ടികളിൽ കൂട്ടായ്മാബോധം സൃഷ്ടിക്കുക.

ശാസ്ത്രബോധം വളർത്തുക .ദേശാഭിമാനബോധം വളർത്തുക.

സ്കൂൾ സമൂഹത്തിന്റെ ഭാഗമാണെന്ന ബോധം ഉണ്ടാക്കുക.

| ദിവസം/മാസം | പ്രവർത്തനങ്ങൾ | സാമ്പത്തികം | ഏജൻസി |
|---|---|---|---|
| ജൂൺ 2 | **പ്രവേശനോത്സവം:** സ്കൂളിൽ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തത്തോടെ കുട്ടികളുടെ ആവശ്യങ്ങളും താല്പര്യങ്ങളും പരിഗണിച്ച് ആകർഷകമായി നടത്തുന്നു | 4000 | PTA,SRG |
| ജൂൺ 5 | **പരിസ്ഥിതി ദിനം .** ഒരു കുട്ടി ഒരു ചെടി.ഓരോ കുട്ടിയും ഒരു ചെടി സ്കൂൾ പരിസരത്ത് ചട്ടിയിലോ മണ്ണിലോ നട്ട് പരിപാലിക്കുന്നു.പരിസ്ഥിതി ക്വിസ്/ ചിത്രരചന ക്ലാസ് തലത്തിൽ. | - | SRG പരിസ്ഥിതി ക്ലബ് |
| ജൂൺ 19 | **വായന ദിനം/വായന വാരം.** മികച്ച വായനക്കാരൻ/ എഴുത്തുകാരുമായി സൗഹൃദമുള്ള പ്രാദേശിക വ്യക്തികൾ/ കലാകാരന്മാർ എന്നിവരുമായി കുട്ടികൾ സംവദിക്കൽ. വിദ്യാരംഗം സ്കൂൾ തല ഉദ്ഘാടനം.രക്ഷിതാക്കളുടെ വായനാനുഭവങ്ങൾ പങ്കുവെക്കൽ.ക്ലാസിൽ വായനമൂല ഒരുക്കൽ സ്കൂളിൽ ഒരു പത്രമെങ്കിലും.പുസ്തക പ്രദർശനം കുട്ടി ഒരു പുസ്തകം വായിച്ച് വായനാനുഭവം പങ്കുവെക്കൽ അധ്യാപകരുടെ പുസ്തക പരിചയം,വായന മത്സരം , നാക്കുളുക്കൽ വാക്യകേളി , ക്വിസ് ,പുസ്തകപ്പൂമ്പരി | 1000 | SRG വിദ്യാരംഗം |
| ജൂൺ 26 | **ലഹരിവിരുദ്ധദിനാചരണം;** സംസ്ഥാന തല പരിപാടിയുടെ ഉദ്ഘാടനം ലൈവ് കാണിക്കുന്നു. പ്രതിജ്ഞ ചൊല്ലുന്നു. പോസ്റ്റർ രചന, സൂംബ ഡാൻസ് പ്രാക്ടീസ് ചെയ്യുന്ന | | SRG, ആരോഗ്യ-ശുചിത്വ ക്ലബ്ബ് |
| ജൂലൈ 5 | **ബഷീർ ദിനം.** ബഷീറിനെയും അദ്ദേഹത്തിന്റെ പുസ്തകങ്ങളെയും  പരിചയപ്പെടുത്തുന്ന വായനാ-ആസ്വാദന-പ്രദർശന പരിപാടികൾ | 1000 | SRG, വിദ്യാരംഗം |
| ജൂലൈ 21 | **ചാന്ദ്രദിനം .**വീഡിയോ പ്രദർശനം, ചാന്ദ്രമനുഷ്യൻ, പതിപ്പ്നിർമ്മാണ മത്സരം | 500 | SRG,സയൻസ് ക്ലബ് |
| ആഗസ്റ്റ് 6 | **ഹിരോഷിമദിനം-** യുദ്ധവിരുദ്ധ കൊളാഷ്/പോസ്റ്റർ പ്രദർശനം,സഡാക്കോ കൊക്ക് നിർമ്മിക്കൽ, | 250 | SRG |

| | | | |
|---|---|---|---|
| | ശാന്തിഗീതാലാപനം, വീഡിയോ/സിനിമ പ്രദർശനം | | |
| ആഗസ്റ്റ് 9 | ക്വിറ്റിന്ത്യാ സമര ചിത്രീകരണം | 200 | SRG |
| ആഗസ്റ്റ് 15 | **സ്വാതന്ത്ര്യ ദിനാഘോഷം.**സ്വാതന്ത്ര്യ സമരസേനാനികളുടെ വേഷം.ദേശഭക്തിഗാനാലാപനം,പതിപ്പ്,പതാകനിർമാണം | 500 | PTA,SRG |
| ആഗസ്റ്റ് 25 | **ഓണം**പൂക്കളമൊരുക്കൽ,ഓണക്കളികൾ,സദ്യ,പ്രായമുള്ളവ .രുമായി പഴയ ഓണവിശേഷങ്ങൾ പങ്കുവെക്കൽ, | 1000 | PTA,SRG |
| സെപ്റ്റംബർ 5 | **അധ്യാപകദിനം.**കുട്ടികൾക്ക് അധ്യാപരുടെ വക മധുരപലഹാരം അധ്യാപകർ എങ്ങനെ പഠിപ്പിക്കണം എങ്ങനെ പെരുമാറണം -കുട്ടികളുടെ പാനൽ ചർച്ച | 2000 | ,SRG |
| ഒക്ടോബർ 2 | **ഗാന്ധിജയന്തി** .ഡോക്യുമെന്ററി .ഗാന്ധി സിനിമാ പ്രദർശനം,ഓരോ ക്ലാസ് ഒരു സേവനം ,ഗാന്ധിയെ വരക്കാം | 500 | ,SRG |
| നവംബർ 15 | **ശിശു ദിനം,** കൊച്ചു ചാച്ചാജിമാർ , ചാച്ചാജി കഥകൾ പറയൽ ,ചിത്രം വര | 1000 | ,SRG |
| ഡിസംബർ 22 | **ക്രിസ്മസ് .**സാന്റാക്ലോസ്,കരോൾ,ക്രിസ്മസ് ട്രീ,പുൽക്കൂട്,കഥ, പാട്ട്,കേക്ക് മുറിക്കൽ,ആശംസാ കാർഡ് | 2000 | PTA,,SRG |
| ജനുവരി1 | **ന്യൂ ഇയർ,** ആശംസാ കാർഡ്, മധുരപാനീയം, ന്യൂ ഇയർ ഡയറി.2025 ലെ പ്രധാന സംഭവങ്ങൾ,ഓർമ്മകൾ 2026 ലെ പ്രതീക്ഷകൾ-സ്വന്തം അഭിപ്രായം എഴുതി അവതരിപ്പിക്കൽ,പൊതു ചർച്ച. പതിപ്പായി ക്രോഡീകരിക്കൽ. | 1000 | PTA,,SRG |
| ജനുവരി 26 | **റിപ്പബ്ലിക് ദിനം.** ഭരണ ഘടനയെ അറിയുക, ഇന്ത്യയുടെ പുരോഗതി-വീഡിയോ പ്രദർശനം | 500 | ,SRG |

| ക്ലബ് | പ്രവർത്തനങ്ങൾ |
|---|---|
| വിദ്യാരംഗം | വായനദിനം, വായനാവാരം,ബഷീർ ദിനം, വാങ്മയം പരീക്ഷ,രചനാക്യാമ്പുകൾ |
| പരിസ്ഥിതി ക്ലബ് | പരിസ്ഥിതി ദിനം, പച്ചക്കറിത്തോട്ടം, |
| ആരോഗ്യശുചിത്വ ക്ലബ് | സ്കൂളും പരിസരവും-ശുചിത്വ മേൽനോട്ടം |
| ഗണിത ക്ലബ് | ഗണിത ദിനാചരണം,ഗണിത ക്വിസ് |
| ഇംഗ്ലീഷ് ക്ലബ് | ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് അസംബ്ലി, സ്പോക്കൺ ഇംഗ്ലീഷ്. |
| അറബി ക്ലബ് | അറബി ദിനാചരണം, അറബി അസംബ്ലി |
| സയൻസ് ക്ലബ് | ചാന്ദ്രദിനം, ലഘു പരീക്ഷണങ്ങൾ, ശാസ്ത്രമേള |

## മേഖല 3: കല കായികം പ്രവൃത്തിപരിചയം

**ലക്ഷ്യങ്ങൾ**

*കുട്ടികളിലെ കലാകായിക നിർമാണ വാസനകളെ വളർത്തുന്നതിന്

*മേളകളിൽ പങ്കെടുക്കാൻ അവസരവും ആത്മവിശ്വാസവും ഉണ്ടാക്കുന്നതിന്

| കല | കായികം |
|---|---|
| ബാലസഭ ഒന്നിടവിട്ട വെള്ളിയാഴ്ചകളിൽ ചേരുന്നു. വിവിധ ഇനങ്ങളിൽ താല്പര്യമുള്ള കുട്ടികളുടെ ഗ്രൂപ്പ് ഉണ്ടാക്കി രക്ഷിതാക്കളുടെ സഹായത്തോടെ പരിശീലനം നൽകുന്നു. സ്കൂൾ തല കലാമേള പൊതുസഹകരണത്തോടെ നടത്തുന്നു. പഞ്ചായത്ത്-ഉപജില്ലാ മേളകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മികച്ച പരിശീലനം ഉറപ്പാക്കുന്നു. സ്കൂൾ വാർഷികം മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ച് വിപുലമായി നടത്തുന്നു | ക്ലാസ്സിൽ ചെറിയ വ്യായാമങ്ങൾ ചെയ്യുന്നു. അസംബ്ലിയിൽ ചെറിയ ഡ്രിൽ നൽകുന്നു. ക്ലാസ്സിൽ സൂംബ ഡാൻസ് ചെയ്യുന്നു കായിക മത്സര ഇനങ്ങളിൽ പരിശീലനം നൽകുന്നു. സ്കൂൾതല കായിക മേള പൊതു പങ്കാളിത്തത്തോടെ നടത്തുന്നു. പഞ്ചായത്ത്-ഉപജില്ലാ മേളകളിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മികച്ച പരിശീലനം സ്വന്തമായ സ്ഥിരം ജേഴ്സി ഉണ്ടാക്കുന്നു. |

| പ്രവൃത്തിപരിചയം |
|---|
| പഠനപ്രവർത്തനങ്ങളുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. മാസത്തിൽ ഒരിക്കലെങ്കിലും ക്ലാസ് തല ഉത്പന്നങ്ങളുടെ സ്കൂൾ തല പ്രദർശനം നടത്തുന്നു. സബ്ജില്ലാ പ്രവൃത്തി പരിചയ മേളയിൽ പങ്കെടുക്കുന്നവർക്ക് പരിശീലനം ഉറപ്പാക്കുന്നു . സ്കൂളിൽ കരകൗശല ശില്പശാല സംഘടിപ്പിക്കുന്നു |

## മേഖല 4:പാഠ്യവിഷയങ്ങൾ

## (മലയാളം,ഗണിതം, പരിസര പഠനം, ഇംഗ്ലീഷ്, അറബി)

**പൊതുവായി നടത്തേണ്ട പ്രവർത്തനങ്ങൾ**

1. എല്ലാ ആഴ്ചയിലും വെള്ളിയാഴ്ചകളിൽ SRG മീറ്റിംഗ്

2 ക്ലാസ് പിടിഎകൾ ഓരോ മാസത്തിലും.

3. എസ് ആർ ജി യോഗത്തിലെ ക്ലാസ് അനുഭവേ റിപ്പോർട്ടിംഗ് .

4. ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തലും തുടർപ്രവർത്തനാസൂത്രണവും.

5. കുട്ടികളുടെ പ്രകടനങ്ങളും പഠന തെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും

6. ഓണാഘോഷം:പ്രായമുള്ളവർ കുട്ടികളുമായി പഴയ അനുഭവങ്ങൾ പങ്കുവെക്കൽ.

7. ആവശ്യമായ മാസങ്ങളിൽ പഠനോപകരണ നിർമ്മാണ ശില്പശാലകൾ

8. ആസ്വാദന ക്യാമ്പുകളും രചനാക്കൂട്ടായ്മകളും സംഘടിപ്പിക്കൽ.

9.പഠനയാത്രയെക്കുറിച്ച് യാത്രാവിവരണവും വാർത്തകളും ചിത്രങ്ങളും കവിതകളും എല്ലാം ഉൾക്കൊള്ളുന്ന പ്രത്യേക കയ്യെഴുത്ത് പതിപ്പ് കുട്ടികളുടെ പത്രാധിപത്യത്തിൽത്തന്നെ തയ്യാറാക്കൽ.

10.പ്രദേശത്തിന്റെ പ്രകൃതിഭംഗിയും ശാന്തതയും നുകർന്ന് കൊണ്ട് കുട്ടികൾക്ക് പഠിക്കാൻ ഉതകുന്ന വിധം ഔട്ട് ഡോർ ക്ലാസ്സുകൾ ഒരുക്കൽ.

11.പന നേട്ടങ്ങൾ സ്വയത്തമാക്കാനുതകുന്ന വിവിധ കളികൾ,പ്രവർത്തനങ്ങൾ,വർക് ഷീറ്റുകൾ, ICT സാധ്യതകൾ.വിലയിരുത്തൽ വർക് ഷീറ്റുകൾ.

12.പ്രീടെസ്റ്റ്.സന്നദ്ധതാ പ്രവർത്തനങ്ങൾ.പോസ്റ്റ് ടെസ്റ്റ്.

13.മാർച്ചിൽ പഠനോത്സവം രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തത്തോടെ നടത്തുന്നു

**പ്രവർത്തന ചുമതല: എസ്.ആർ.ജി, ക്ലാസ് അധ്യാപകർ, പി ടി എ/എസ് എം സി**

### (i) മലയാളം

**പ്രവർത്തന ലക്ഷ്യങ്ങൾ**

*ഓരോ ടേമിലും ലഭിക്കേണ്ട എല്ലാ പഠന ലക്ഷ്യങ്ങളും കുട്ടിക്ക് ലഭിച്ചു എന്ന് ഉറപ്പുവരുത്തുക.

*പഠന പുരോഗതി വിലയിരുത്തി പഠന വിടവുകൾ അതാത് ടേമിൽ തന്നെ പരിഹരിക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ സജ്ജീകരിക്കുക..

*മാതൃഭാഷയോട് സ്നേഹവും ആദരവും ഉണ്ടാക്കുക.

*എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക

*ആശയപ്രകാശനത്തിനും സർഗാത്മക രചനകൾ നടത്താനും കുട്ടികൾക്ക് ആത്മവിശ്വാസം നൽകുക

*നാടിന്റെ പ്രാദേശികമായ ഭാഷാ-സാംസ്കാരിക-തൊഴിൽ സവിശേഷതകളെയും കാർഷികജയ്‌വിതത്തെയ അടുത്തറിയാൻ അവസരമൊരുക്കുക.

**ഒന്നാം ടേം പ്രവർത്തനങ്ങൾ - ഒന്നാം ക്ലാസ്**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | 📌 കഥാ വേള📌കിളി നാദം📌 താളവും ചുവടും അഭിനയം, പാട്ട് 📌മഞ്ഞക്കിളിയെ ഉണ്ടാക്കാം📌 ചിറകടിയൊച്ച എഴുത്ത് 📌ചിറകടിയൊച്ച വായന📌 |

| | |
|---|---|
| | കാക്കക്കുണ്ടൊരു കുപ്പായം പാട്ട്📌പക്ഷി ചിത്ര ആൽബം നിർമ്മാണം📌തന തന താന എഴുത്ത് അനുഭവം📌തന തന താന വായന📌പറവകൾ പാറി എഴുത്ത് 📌പാവം മഞ്ഞക്കിളികൾ കഥ📌 പാട്ടരങ്ങ് ദേശാടകരാം 📌 മുട്ടത്തോട് പരീക്ഷണം📌 പറവകൾ പാടി എഴുത്ത് 📌പാട്ടരങ്ങ് കിളിയുടെ പാട്ട്. |
| **ജൂലൈ** | യൂണിറ്റ് 2: മാനത്ത് പട്ടം<br>മാനത്ത് പട്ടം എഴുത്ത് വായന,പൂമരം കണ്ടു എഴുത്തു വായന,ചേലുള്ള പട്ടം, പട്ടിയും പട്ടവും, പട്ടം വീണ എഴുത്തു വായന,ആർപ്പോ എഴുത്ത് വായന അറിയാമോ പറയാമോ ചോദ്യോത്തരം പാട്ട് കളിപ്പാട്ടം വേണോ പാട്ട്,പട്ടം നിർമ്മാണം, കൊളാഷ് പൂമരം, മൈമിങ്, പാട്ടറങ്ങ്,ചിത്രം വര,പട്ടം അഭിനയം<br>പൂ ചിരിച്ചു 3<br>കഥാവേള, പാട്ട് അരങ്ങ്, വരയരങ്ങ്പൂക്കൾ കൈമാറ്റ കളി, റോൾപ്ലേ,വളരുന്ന ചെടി എഴുത്ത്, വളരുന്ന ചെടി വായന, പാട്ടിരങ്ങ് അഞ്ചിതെള്,പൂക്കളെ തരംതിരിക്കൽ, പുഴുവിനെ നിർമിക്കാം, പുഴുവിന്റെ വരവ് എഴുത്ത്, പുഴുവിന്റെ വരവ് വായന, പാട്ടരങ്ങ പൂമണത്തിനു പോകുന്നു, പൂക്കൾ നിർമ്മിക്കാം, ആട്ടം ചെടിയും എഴുത്ത് വായന,പാവം ചെടി എഴുത്ത്, മഴ വന്നു എഴുത്ത് വായന, ആമ വന്നു എഴുത്ത് വായന, കുരുവി കുരുവി വായന,പൂവ് ചിരിച്ചു എഴുത്ത് |
| **ഓഗസ്റ്റ്** | യൂണിറ്റ് 3:പിറന്നാൾ സമ്മാനം ആഗസ്റ്റ്<br>നാരകത്തിലെ മുത്ത് എഴുത്ത് വായന, മുത്തു തേടി എഴുത്ത്, വായന, ആരു പറിക്കും എഴുത്ത്, വായന, മേലെ മേലെ എഴുത്തു വായന, ചിരിയോ ചിരി എഴുത്തു വായന, പിറന്നാൾ മുത്തം എഴുത്ത്, പിറന്നാൾ സമ്മാനം സംഭാഷണം എഴുത്ത്, പൂമ്പാറ്റ പാട്ട് എഴുത്ത് വായന, കിനാവ് എഴുത്ത്, ചൊക്കന്റെ നടത്തം വായന, വിരൽ ചിത്രങ്ങൾ, നിറം നൽകാം ചന്തമുള്ള പൂമ്പാറ്റ,പാട്ടരങ്ങ്, റോൾപ്ലേ |

**രണ്ടാം ക്ലാസ്**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| **ജൂൺ** | യൂണിറ്റ് 1:മഴയോ മഴ<br>ചിത്രങ്ങൾ നിരീക്ഷിച്ച ആശയങ്ങൾ കണ്ടെത്തി പറയുകയും എഴുതുകയും ചെയ്യുന്നു. പാട്ടരങ്ങ നിറം നൽകൽ പദസൂര്യൻ പൂർത്തിയാക്കി വാക്യങ്ങൾ എഴുതുക.മഴയ്ക്ക് മുമ്പ് മഴയ്ക്കുശേഷം ചിത്രം നോക്കി എഴുതൽ,<br>മഴയുമായി ബന്ധപ്പെട്ട കടങ്കഥകൾ പഴഞ്ചൊല്ലുകൾ നാടിന്റെ പ്രത്യേകതകൾ കവിതയിൽ നിന്ന് എഴുതൽ വിവരണം എഴുതാൻ |
| **ജൂലൈ** | യൂണിറ്റ് 2 നന്നായി ഉണ്ണാൻ<br>കളികളിലൂടെ ശാരീരിക ചലന ഏകോപനവും തീരുമാനമെടുക്കാനുള്ള കഴിവ് നേടാനായി അഭിനയിച്ച കളിക്കുന്നു. TB 18 19 20 ചിത്രകഥ സ്വയം വായിക്കുന്നു. റീഡേഴ്സ് തിയേറ്റർ ഭാവം ഉൾക്കൊണ്ട് വായിക്കുന്നു. നാടകം കളി. ആന കുരുവി എ ലി.. മുഖംമൂടികൾ നിർമ്മിക്കുന്നു. കഥ നാടകമാക്കി അവതരിപ്പിക്കുന്നു. പേജ് 22 ചിത്രം വായന വർക്ക് ഷീറ്റിൽ ഞാൻ കലപ്പ എന്ന ഭാഗം പരിചയപ്പെടുത്തുന്നു വരികൾ കൂട്ടിച്ചേർക്കൽ കൃഷിപ്പാട്ട്. കടങ്കഥ പഴഞ്ചൊല്ല് ശേഖരിക്കൽ കഥ പറയാം എഴുതാം ഇഷ്ടപ്പെട്ട ഭാഗത്തിന്റെ |

| | |
|---|---|
| | ചിത്രം വരയ്ക്കൽ കടങ്കഥ കേളി, ചേർത്തു പറയൽ, പച്ചക്കറി പഴം പൂവ് ഇവയുടെ മോഡൽ മൈദമാവ് അല്ലെങ്കിൽ ക്ലേ ഉപയോഗിച്ച് നിർമ്മിക്കൽ വായ |
| ഓഗസ്റ്റ് | യൂണിറ്റ് 3- മലയാളം- എന്താണ മ്മേ സ്വാതന്ത്ര്യം .ഡയറി എഴുതൽ, കഥ പൂർത്തിയാക്കൽ, ഈണത്തിൽ കവിത ചൊല്ലൽ, കവിതയിൽ പറഞ്ഞ കാര്യങ്ങൾ എഴുതൽ, വായിച്ച രസിക്കൽ, നമ്മുടെ ദേശീയ പതാകക്ക് നിറം നൽകൽ ഗാന്ധി തൊപ്പി, നെഹ്റു തൊപ്പി നിർമ്മിക്കൽ..... |

**മൂന്നാം ക്ലാസ്**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | യൂണിറ്റ് 1-കനകച്ചിലങ്ക<br>കവിത താളാത്മകമായി ചൊല്ലൽ, കവിതയുമായി ബന്ധപ്പെട്ട ചിത്രീകരണം, നാടൻപാട്ട് അവതരണം,താളം കണ്ടെത്തൽ (വായ്ത്താരി),കവിതകൾക്ക് വരികൾ കൂട്ടിച്ചേർക്കൽ. താളത്തിനനുസരിച്ചുള്ള വായ്ത്താരി നിർമ്മാണം, പഴഞ്ചൊല്ലുകൾ വിശകലനം.നാട്ടുകഥ അവതരണം, കുട്ടികളുടെ കഥോത്സവം, പാവനാടകം, |
| ജൂലൈ | കടങ്കഥാകേളി,കവിതകളും പാട്ടുകളും താളമിട്ടുചൊല്ലൽ, നിഘണ്ടു പരിചയം,കവിതയ്ക്കു പേരുനൽകൽ, കടങ്കഥ നിർമ്മാണം, അനുഭവവിവരണം എഴുതൽ. ഭാവാത്മക വായന, നിയമാവലി തയ്യാറാക്കൽ, കലാരൂപങ്ങളുടെ കാഴ്ച (നേരിട്ട്/ ഐസിടി), കലാരൂപങ്ങളുടെ ചിത്രീകരണം, വിവിധ കലാരൂപങ്ങൾ -താരതമ്യം, അനുഭവവിവരണം / ഡയറി തയ്യാറാക്കൽ, കവിതയിൽ പുതിയ വരികൾ ചേർക്കൽ.<br>യൂണിറ്റ് 2-പലഹാരപ്പൊതി.<br>കഥ കേൾക്കൽ, ഈണം നൽകൽ, താളത്തിൽ ചൊല്ലൽ,പകരം പദം കണ്ടെത്തൽ, വിശേഷിപ്പിച്ചു പറയൽ, പോസ്റ്റർ നിർമ്മാണം,ഡയറിയെഴുത്ത്, മഴക്കാലനുഭവങ്ങൾ പറയൽ, റോൾപ്ലേ, |
| ഓഗസ്റ്റ് | സംഭാഷണം, പഴഞ്ചൊൽ വായന, നിഘണ്ടു വികസിപ്പിക്കൽ, ഭക്ഷണസംസ്കാരവുമായി ബന്ധപ്പെട്ട കാഴ്ചകളോടുള്ള അഭിപ്രായപ്രകടനം,. പകരം പദങ്ങൾ, പലഹാരക്കുറിപ്പ്,<br>പലഹാരപ്പാട്ട് ചൊല്ലൽ ശേഖരണം, പതിപ്പുനിർമ്മാണം, അപ്പാണ്യം ക്ലാസിൽ, ശുചീകരണ നിയമാവലികൾ, ഭാവാത്മക വായന, പദാവർത്തനം, പറഞ്ഞും എഴുതിയും സംഭാഷണം വികസിപ്പിക്കൽ, അഭിമുഖ ചോദ്യാവലി നിർമ്മാണം, പോസ്റ്റർ വായന,നിർമ്മാണം, ചർച്ച-കഥ പൂർത്തിയാക്കൽ, കത്ത്, പലഹാരച്ചിത്രം വര, മേനിപറച്ചാൽ, പലഹാരവിവരണം എഴുത്ത്, കടങ്കഥയുടെ ഉത്തരം കണ്ടെത്തൽ, പുതിയ കടങ്കഥാ രചന |

**നാലാം ക്ലാസ്**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ചിത്രവായന, ഭാവാത്മക വായന, ഭാഷാ പ്രയോഗങ്ങൾ കണ്ടെത്തി വിവിധ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു, കവിതയിലെ കിലുക്കം. |

| | |
|---|---|
| **ജൂലൈ** | പാവനാടകം, സ്വന്തം കവിത, അമ്പിളിക്കവിത-ശേഖരണം, രചന പരിചയക്കുറിപ്പ്, പിരിച്ചെഴുതൽ, ഭാഷാപ്രയോഗം കണ്ടെത്തൽ, ഭാവാത്മക വായന,അമ്പിളിമാമനൊരു കത്ത്, റോൾപ്ലേ, ഓല കൊണ്ടു കളിപ്പാട്ട നിർമാണം, കഥാപാത്രത്തെക്കുറിച്ചെഴുതൽ, ഗദ്യരൂപം പദ്യരൂപത്തിലാക്കൽ, പദ്യത്തെ ഗദ്യമാക്കൽ, ഡയറി, യാത്രാവിവരണം, |
| **ഓഗസ്റ്റ്** | കവിതയുടെ ആശയം, വാക്കുകളും പ്രയോഗങ്ങളും, വാക്യങ്ങളിൽ നിന്ന് വരികൾ, യാത്രാവിവരണം, കവിത താളമിട്ടു ചൊല്ലൽ,ഭാവാത്മക വായന, unit 2-<br>സ്വന്തം ഇഷ്ടം സൂചിപ്പിക്കുന്ന വാക്യരചന, വരികൾ വേർതിരിച്ചെഴുതൽ, വരികൾ വാക്യങ്ങളിലാക്കൽ,ദ്വീപുകളിയും കവിതയും-താരതമ്യകുറിപ്പ്. |

## (ii)ഗണിതം

**പ്രവർത്തന ലക്ഷ്യങ്ങൾ**

*ഓരോ ടേമിൽ ലഭിക്കേണ്ട എല്ലാ പഠന നേട്ടങ്ങളും ലഭിച്ചു എന്ന് ഉറപ്പുവരുത്തുക.

*ഗണിതത്തിൽ മന:ഗണിതത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

*ഗണിത പഠനത്തിന് രക്ഷിതാക്കളുടെ സഹായം ഉറപ്പിക്കുന്നതിനുള്ള പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുന്ന രീതി വികസിപ്പിക്കുന്നു. .

*പഠനശേഷികൾ വിലയിരുത്തി പഠന വിടവുകൾ അതാത് ടേമിൽ തന്നെ പരിഹരിക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ സജ്ജീകരിക്കുന്നു.

**ഒന്നാം ടേം പ്രവർത്തനങ്ങൾ - ഒന്നാം ക്ലാസ്**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| **ജൂൺ** | യൂണിറ്റ് 1: വരമേളം.<br>ചിത്ര വായന, അച്ഛൻ ചുട്ട ദോശ, ദോശ വരക്കാം, നിറം കൊടുക്കൂ, കുത്തുകളിലൂടെ, വരച്ചു നിറം കൊടുക്കാം, വീടിനു ചുറ്റും, റോബോട്, വാഹനങ്ങൾ, ഒറിഗാമി രൂപങ്ങൾ, അടുത്ത ചിത്രത്തിന് നിറം കൊടുക്കൂ, വരച്ചു ചേർക്കാം നിറം കൊടുക്കാം, അടുത്തത് വരക്കാം, നിറം കൊടുക്കാം ഒട്ടിക്കാം, വരയ്ക്കൂ യോജിപ്പിക്കൂ,വരികൾ ചേർത്ത് താളത്തിൽ പാടാം.<br>വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ |
| **ജൂലൈ** | യൂണിറ്റ് 2: തിത്തിരി കിളിയും ചങ്ങാതിമാരും.<br>ചിത്ര വായന, വീട്ടുപകാരങ്ങൾ, ചിത്രപുസ്തകത്തിലെ പാട്ട് കളികൾ, എന്റെ ഗണിത സഞ്ചി, ലഡു കൊടുക്കാമതി, കൂട്ടങ്ങളാക്കാം മാജിക് രഹസ്യം, നോക്കൂ പറയൂ, കൂട്ടം കൂട്ടിയാൽ, എണ്ണത്തിന് നേരെ പൊട്ടുകൾ ഒട്ടിക്കൂ, എണ്ണി എഴുതാം, ഇല വരയ്ക്കൂ, വണ്ടിനു പുള്ളിയിടാം, ഗ്ലാസിൽ ഇടാം, കളിക്കൂട്ടുകാരെ, തൊട്ടുനോക്കി എഴുതാം, നിറം കൊടുക്കാം, വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ |
| **ഓഗസ്റ്റ്** | യൂണിറ്റ് 3: നടന്നുനടന്നങ്ങനെ<br>ചിത്ര വായന, കഥ പറയാം, എത്ര തൊപ്പികൾ, ടീച്ചർക്കൊപ്പം പാടാം എഴുതാം, വരച്ച യോജിപ്പിക്കുക, നിറം നൽകാം, തൊപ്പി നിർമ്മാണം, തിരികെ കൊടുത്ത തുപ്പികൾ, എല്ലാവർക്കും വിശന്നു, വരച്ചു യോജിപ്പിക്കും എണ്ണം എഴുതൂ, കുളക്കരയിൽ, കുഞ്ഞിക്കിളികൾ, ഇതളുകൾ വരയ്ക്കാം,ഫോൺ ലോക്ക് തുറക്കാം, ഫോട്ടോ നോക്കൂ, തോരണം ഉണ്ടാക്കാം, |

| | |
|---|---|
| | ഇലകൾക്കിടയിൽ ഒളിച്ചിരിക്കുന്നത് ആര്, ഒന്നു കൂടുതൽ, നാലെണ്ണത്തിന് നിറം കൊടുക്കു, ഡോമിനോസ്, തൊപ്പിക്കൂട്ടം, ബൾബുകൾ. |

**രണ്ടാം ക്ലാസ്**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| **ജൂൺ** | യൂണിറ്റ് 1:<br>ആകൃതി വലുപ്പം ഇവയിൽ വ്യത്യസ്ത പുലർത്തുന്ന വിവിധ രൂപങ്ങളെ പരിചയപ്പെടുത്തൽ. വട്ടം, ചതുരം, ത്രികോണം-രൂപങ്ങളിലുള്ള വസ്തുക്കൾ ലിസ്റ്റ് ചെയ്യുന്നു. T. B പേജ് 13 കുട്ടികൾ പൂർത്തിയാക്കുന്നു. പലഹാര കടയിൽ ചിത്രം നോക്കി എഴുതുന്നു. പേജ് 15 ൽ ഒരു പോലുള്ള രൂപത്തിന് ഒരേ നിറം കൊടുത്ത ഭംഗിയാക്കുന്നു. തേജ്പേയിനാറിൽ കുത്തുകളിലൂടെ വരച്ച രൂപങ്ങൾ തിരിച്ചറിയുന്നു. എത്ര കുത്തുകളിലൂടെ കടന്നുപോയി എ ണ്ണിനോക്കി എഴുതുന്നു. ഓരോ രൂപത്തിനകത്ത് എത്ര കുത്തുകൾ ഉണ്ടെന്നും എഴുതുന്നു.മൂന്ന് രൂപവും വെച്ച് മറ്റൊരു രൂപം വരയ്ക്കുന്നു.വ്യായാമ ചിത്രങ്ങൾ കമ്പുകൾ വച്ച് ഒട്ടിക്കുന്നു. കടലാസ് റിബണുകൾ ചേർത്ത് ഒട്ടിച്ച് വിവിധ ചിത്രങ്ങൾ ഉണ്ടാക്കുന്നു. പേജ് 20 ചിത്രപാറ്റേൺ.ഐസ്ക്രീം ഒളിച്ചപ്പോൾ<br>പാടി രസിക്കുന്നു.രൂപങ്ങൾ ഒന്നുകൂടെ ഓർക്കുന്നു. നിർദ്ദേശപ്രകാരം<br>ബാക്കി ഭാഗത്തിന് നിറം നൽകൽ, തന്നിരിക്കുന്ന ഭാഗം നോക്കി ചിത്രങ്ങൾ മുഴുവൻ വരയ്ക്കൽ. |
| **ജൂലൈ** | യൂണിറ്റ് 2 ഒളിച്ചേ കണ്ടേ....<br>ചിത്ര വായന എണ്ണിക്കളി, വിട്ടുപോയസംഖ്യ കണ്ടെത്തൽ, വർക്ക് ഷീറ്റിൽ 20 മുതൽ 50 വരെ അമ്പടയാളം നോക്കി എഴുതൽ, TB 25 ൽ പഴങ്ങൾ എത്ര എണ്ണിയെഴുതൽ പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ആക്കി എഴുതൽ, വിവിധ രൂപങ്ങൾ കൊണ്ട് ക്ലാസ്സ് അലങ്കരിക്കൽ വീട്ടിലുള്ളവരുടെ<br>വയസ്സ്എഴുതിക്കൽ,പേജ് 30. കമ്പ്യൂട്ടർ ഗെയിം വിട്ടു പോയ സംഖ്യകൾ. കണ്ടെത്തിയത്<br>ജോഡിയാക്കൽ ആരോഹണ അവരോഹണക്രമത്തിൽ എഴുതൽ, ചക്രം കറക്കാം, വർക്ക് ഷീറ്റ് 11. വർക്ക് ഷീറ്റ് 12, 13, 14 നിർദ്ദേശത്തിനനുസരിച്ച് നിറങ്ങൾ മറഞ്ഞിരിക്കുന്ന സംഖ്യ ചിന്തിച്ച് പറയൽ സംഖ്യകൾ വരച്ച ചേർക്കൽ, തൊട്ടുമുമ്പുള്ള സംഖ്യയെ തിരിച്ചറിയൽ,TB35 സംഖ്യ വ്യാഖ്യാനം, സംഖ്യാ ബോധം |
| **ഓഗസ്റ്റ്** | യൂണിറ്റ് 3 നല്ല നാടിനായ് നല്ല നാളെക്കായ്<br>വർക്ക് ഷീറ്റ് 17,18 പൂർത്തിയാക്കുന്നു. ഇരട്ടി- (ഒരു സംഖ്യയോട് അതേ സംഖ്യ കൂട്ടിയാൽ)-സാധനങ്ങൾ വാങ്ങാം. ഗൃഹ സന്ദർശനം 58 മുതൽ 99 വരെ ക്രമത്തിൽ എഴുതുന്നു. സ്റ്റിക്കറുകൾ ക്രമത്തിൽ വയ്ക്കുക. എടുത്ത നമ്പറുകൾ അക്ഷരത്തിലും എഴുതുക. വലുത് ചെറുത് കണ്ടെത്തുന്നു. സംഖ്യ കാർഡുകൾ ആരോഹണ അവരോഹണ ക്രമത്തിൽ വയ്ക്കുന്നു. സംഖ്യാ വ്യാഖ്യാനത്തിലൂടെ സംഖ്യ കണ്ടെത്തൽ. വിട്ടുപോയ സംഖ്യകൾ എഴുതൽ,ഒന്നുകളും പത്തുകളും-സംഖ്യകൾ രൂപീകരിക്കൽ. (സ്ട്രോ, അല്ലെങ്കിൽ ഈർക്കിൽ കെട്ടുകൾ )<br>വർക്ക് ഷീറ്റ് 21, കളിയിൽ വലിയ സംഖ്യയിൽ എത്തിയത് ആരെന്ന് കണ്ടെത്തുന്നു. അക്കത്തിലും അക്ഷരത്തിലും എഴുതൽ. ഒഴിഞ്ഞ കളങ്ങളിൽ |

| | |
|---|---|
| | എഴുതിക്കൽ, സംഖ്യ എഴുതുക വർക്ക് ഷീറ്റ് 24 വിട്ടുപോയ സംഖ്യ എഴുതിക്കൽ 100+ ------+6=146, വർക്ക് ഷീറ്റ് 25 ചോദ്യങ്ങൾക്കുത്തരം കണ്ടെത്തൽ.ഗണിത പദപ്രശ്നം.സംഖ്യാ വാച്ച് (വർക്ക് ഷീറ്റ് 27 ) പേജ് 45 ബാഡ്ജ് ഉണ്ടാക്കാം,ബാഡ്ജിലെ സംഖ്യകൾ ക്രമമായി വരച്ച യോജിപ്പിക്കുക 60 വ്യത്യസ്ത രീതിയിൽ എഴുതൽ ഗണിത ക്വിസ് |

**മൂന്നാം ക്ലാസ്**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| **ജൂൺ** | യൂണിറ്റ് 1- രൂപങ്ങൾ വരയ്ക്കാം<br>പ്രവേശനോത്സവം,ആശംസാകാർഡ്, തോണിയിൽ എന്തൊക്കെ?ടൈലിലെ ചിത്രങ്ങൾ,ചുറ്റുപാടും കാണുന്ന രൂപങ്ങൾ(രൂപങ്ങളെ തിരിച്ചറിയൽ). രൂപങ്ങൾ ഉണ്ടാക്കാം, നിങ്ങൾക്കും വരയ്ക്കാമോ?, മരക്കട്ട രൂപങ്ങൾ, വെജിറ്റബിൾ പ്രിന്റിങ്, |
| **ജൂലൈ** | യൂണിറ്റ് 2- കളം നിറയ്ക്കൽ, സ്കൂൾ സ്റ്റോർ(100-വരെയുള്ള സംഖ്യാബോധം), പെൻസിൽ കമ്പനി, മേന്മ സ്റ്റോർ, ബാഗിൽ എത്ര, നന്മ സ്റ്റോർ,(മൂന്നക്ക സംഖ്യകളുടെ വ്യാഖ്യാനം). മാറിപ്പോയി,പെൻഷൻ വന്നു,ആരോഗ്യസർവ്വേ, പെൻസിലിന്റെ വില,(അബാക്കസ്,കളിനോട്ട്),ബാങ്ക് ചെക്കിൽ എഴുതാം,അക്ഷരത്തിൽ എഴുതൽ, ബാങ്കിൽ പണമടയ്ക്കാൻ, നോട്ടുകളുടെ എണ്ണം, കോർണർ പി ടി എ , ഡ്രാഗൺ, സഹോദരന്റെ സമ്മാനം, വിലയിരുത്തൽ പ്രവർത്തനങ്ങൾ |
| **ഓഗസ്റ്റ്** | യൂണിറ്റ് 3-ആയിരം,ആയിരം.<br>കായിക മേള, അനൗൺസ്മെന്റ്, എ ടി എം, പണം ശേഖരിക്കാം,തീറ്റമത്സരം,വെള്ളം കുടി മത്സരം,കുട്ടികളുടെ മത്സരം , സമ്മാനക്കൂപ്പൺ , കാർഡുകളി ( 1000-വരെയുള്ള സംഖ്യാബോധം).<br>യൂണിറ്റ് 4-കൂട്ടുകൂടാം<br>മൂന്നക്കം വരെയുള്ള സംഖ്യകളുടെ സങ്കലനം-ഗണിതോത്സവം, ജോഡിയാക്കാം, തുണിക്കട,സംഖ്യാ സൗന്ദര്യം, ബിബിക്കും ജെബിക്കും കിട്ടിയ നോട്ടുകൾ,കളിക്കാം രസിക്കാം, വമ്പനെ കണ്ടെത്തു,സംഖ്യകളുടെ അത്ഭുത ലോകം , തണ്ണീർ പന്തൽ, മനക്കണക്ക് , പാറ്റേണുകളുടെ ലോകം, പച്ചത്തുരുത്ത്, വിലയിരുത്തൽ പ്രവർത്തനങ്ങൾ |

**നാലാം ക്ലാസ്**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ചതുരം, വട്ടം ത്രികോണം, രൂപങ്ങൾ തിരിച്ചറിയുന്ന അവ കൊണ്ട് ചിത്രം വരച്ച് നിറം നൽകൽ, ഈർക്കിൽ മീൻ നിർമാണം, ഈർക്കിൽ ചതുരം, ചതുരം വരച്ച് വശം അളക്കൽ, സമചതുരം നിർമിക്കൽ |
| ജൂലൈ | സമചതുരക്കട്ട നിർമാണം, ടാൻഗ്രാം,<br>unit 2- സംഖ്യാ ബന്ധം കണ്ടെത്തൽ, ടോട്ടോ കാറിന് നിറം നൽകൂ,വരച്ചു ചേർക്കൂ,പെട്രോൾ പമ്പ്, കാറോട്ട മത്സരം, പടി കയറാം, സ്പീഡോമീറ്റർ, നാലക്ക സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും എഴുതൽ,<br>മഡ് റേസ്, നാലക്കസംഖ്യകൾ ഉൾപ്പെട്ട പ്രായോഗിക പ്രശ്നപരിഹരണം |
| ഓഗസ്റ്റ് | റെയിൽവെ സ്റ്റേഷനിൽ,ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക്,കൊട്ടാരത്തിൽ, വാട്ടർമെട്രോ, പ്രദർശന നഗരിയിലേക്ക്, എത്ര നാലക്ക സംഖ്യകൾ, പിരിച്ചെഴുതാം,വിമാനത്തിലേക്ക്,റോമൻ സംഖ്യകൾ, അബാക്കസിലെ സംഖ്യകൾ. |

## (iii) പരിസര പഠനം

### പ്രവർത്തന ലക്ഷ്യങ്ങൾ

* കുട്ടികളിൽ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

* ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക

* കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വ ബോധമുള്ളവരാക്കി മാറ്റു

*ഓരോ ടേമിലും ലഭിക്കേണ്ട എല്ലാ പഠന നേട്ടങ്ങളും കുട്ടിക്ക് ലഭിച്ചു എന്ന് ഉറപ്പുവരുത്തുക.

*പഠന പുരോഗതി വിലയിരുത്തി പഠന വിടവുകൾ അതാത് ടേമിൽ തന്നെ പരിഹരിക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ സജ്ജീകരിക്കുക..

**രണ്ടാം ക്ലാസ്**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | യൂണിറ്റ് 1 -പറയുമ്പോൾ മഴ പെയ്യുമോ? പരീക്ഷണക്കുറിപ്പ് എഴുതിക്കുന്നു. മഴത്തുള്ളി കഥ പറയുമ്പോൾ.പേജ് 14TB. ജലസ്രോതസ്സുകൾ ലിസ്റ്റ് ചെയ്യുന്നു. അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ പോസ്റ്റർ തയ്യാറാക്കുന്നു T. B പേജ് 16. |
| ജൂലൈ | യൂണിറ്റ് 2: കൃഷിക്ക് വേണ്ട ഉപകരണങ്ങൾ. ചിത്രങ്ങൾ നൽകി ചർച്ച ചെയ്യുന്നു. പേജ് 23 പട്ടിക പൂർത്തിയാക്കുന്നു. പറയാം എഴുതാം - വർക്ക് ബുക്കിലെ ചിത്രം കാണിച്ച് എന്തെല്ലാം ഏതൊക്കെ തൊഴിലുകൾ, ചർച്ചചെയ്യുന്നു. കൃഷിപ്പണി അല്ലാതെ വേറെ ഏതെല്ലാം തൊഴിലുകൾ നമ്മുടെ നാട്ടിലുണ്ട്. ചിത്രം നോക്കി എഴുതുന്നു. അന്വേഷിച്ച് കണ്ടെത്തി എഴുതുന്നു. |
| ഓഗസ്റ്റ് | കലണ്ടർ പരിചയപ്പെടുത്തൽ, പ്രധാന ദിനങ്ങൾ ഏതു മാസത്തിൽ ആണെന്ന് കണ്ടെത്തുന്നു. വർക്ക് ഷീറ്റിലെ 3. 6 പട്ടിക പൂർത്തിയാക്കുന്നു.ദേശീയ പതാക,മഹാന്മാരെ പരിചയപ്പെടൽ,ചിത്രങ്ങൾ ശേഖരിക്കൽ,സ്വാതന്ത്ര്യദിന പതിപ്പ്,. |

**മൂന്നാം ക്ലാസ്**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | യൂണിറ്റ് 1 - ഹരിത ഭൂമി.<br>തൊട്ടുവാ പൈങ്കിളിയേ പ്രവേശകപ്രവർത്തനം ഞാനാര് കളി, സസ്യങ്ങൾ പ്രധാന ഭാഗങ്ങൾ – വേര്,തണ്ട്,ഇല. ഉദ്യാനത്തിലേക്ക് സസ്യ നിരീക്ഷണം,<br>സസ്യങ്ങളുടെ സവിശേഷതകൾക്ക് അനുസരിച്ച് തരം തിരിക്കൽ, പട്ടികപ്പെടുത്തൽ, നിഗമനങ്ങൾ രൂപീകരിക്കൽ, വള്ളിച്ചെടികളുടെയും ജല സസ്യങ്ങളുടെയും പ്രത്യേകതകൾ, ചേർത്ത് വരയ്ക്കൂ വിലയിരുത്തൽ, വിത്തിനുള്ളിലെ ജീവൻ - വിത്തുമുളയ്ക്കൽ പ്രശ്നാവതരണം, വിത്ത് നട്ട് നിരീക്ഷിക്കൽ വളരുന്നതിൻ്റെ വിവിധ ഘട്ടങ്ങൾ നിരീക്ഷിക്കൽ, ഞാനും എൻ്റെ ചെടിയും ലഘു പ്രൊജക്ട്, വിത്തിൽ നിന്നല്ലാതെയും ചെടികൾ, പുതിയ സസ്യങ്ങൾ ഉണ്ടാകുന്ന ഭാഗങ്ങൾ പലതരം, ആരാണ്? ചെടിക്ക് വേരും തണ്ടും എന്തിന് സംവാദം, മഷിത്തണ്ട് ചെടി പരീക്ഷണം.വരച്ച് യോജിപ്പിക്കൽ വിലയിരുത്തൽ പ്രവർത്തനം, കളി - ഇല ഏതെന്ന് പറയാമോ? ഇലകൾ തൊട്ടു നോക്കാം, ഇലപ്പതിപ്പ് നിർമ്മാണം, ഇലകളുടെ രേഖാചിത്രങ്ങൾ വരയ്ക്കൽ പാറ്റേൺ നിരീക്ഷിക്കൽ, ഇലകൾ ചേർത്ത് വച്ച് രൂപങ്ങൾ ഉണ്ടാക്കൽ, പൂക്കളുടെ സവിശേഷതകൾ കണ്ടെത്തുന്നു. പൂക്കൾ പല വിധം ICT ഫോട്ടോ വീഡിയോ പൂക്കാത്ത സസ്യങ്ങൾ. കളിമുൾച്ചെടി, നീലക്കുറിഞ്ഞി ട്രിവ്യ, ഓർക്കിഡ്, കണിക്കൊന്ന, റഫ്ലീഷിയ,, വൂൾഫിയ. പൂക്കളെക്കൊണ്ടുള്ള പ്രയോജനങ്ങൾ ചിത്ര നിരീക്ഷണം, പ്രവർത്തന വിശദീകരണം. മരം പ്രയോജനങ്ങൾ, മരം നശിപ്പിച്ചാൽ എന്തെല്ലാം പ്രശ്നങ്ങൾ - സസ്യസംരക്ഷണത്തിൻ്റെ മാർഗങ്ങൾ.കൂടുതൽ ഉദാഹരണങ്ങൾ. |
| ജൂലൈ | യൂണിറ്റ് 2: ജന്തുലോകത്തേക്ക്.<br>വളർത്തു ജീവികളെ പട്ടികപ്പെടുത്തൽ,ജീവികളെ കൊണ്ടുള്ള പ്രയോജനങ്ങൾ, ചിത്ര പ്രശ്നോത്തരി, എൻ്റെ പരിസരത്തുള്ള ജീവികൾ- പട്ടിക തയ്യാറാക്കൽ ഇത്തിരിക്കുഞ്ഞൻമാരും വമ്പൻമാരും- വലുപ്പത്തിൻ്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കൽ, അക്ഷരച്ചിത്രങ്ങൾ വരയ്ക്കൽ - ജീവികൾ.<br>ഹാൻറ് ലെൻസ് ഉപയോഗിച്ച് ചെറുജീവികളെ നിരീക്ഷിക്കൽ<br>ജീവികൾ വിരൽ ചിത്രങ്ങൾ,ചിത്ര പ്രശ്നോത്തരി, ശാരീരിക സവിശേഷതകളിലെ വൈവിധ്യം - പട്ടിക തയ്യാറാക്കൽ. കടൽ ജീവികൾ പട്ടികപ്പെടുത്തൽ,ഒറിഗാമി രൂപങ്ങൾ നിർമ്മിക്കൽ, ജീവികളുടെ സഞ്ചാരം വീഡിയോ, ജീവികളുടെ സഞ്ചാര രീതി പട്ടികപ്പെടുത്തൽ.ജീവികളുടെ ശാരീരിക സവിശേഷതകളും സഞ്ചാര രീതിയും -താരതമ്യം.<br>ഒന്നിലധികം രീതിയിൽ സഞ്ചരിക്കുന്ന ജീവികൾ - പട്ടികപ്പെടുത്തൽ.<br>ജീവികളും ആഹാരവും പട്ടികപ്പെടുത്തൽ, ആഹാര രീതിയുടെ അടിസ്ഥാനത്തിൽ ജീവികളെ തരംതിരിക്കൽ. സസ്യാഹാരികൾ, മാംസാഹാരികൾ, മിശ്രാഹാരികൾ, - പട്ടിക വികസിപ്പിക്കൽ, ഇരതേടലിന് സഹായിക്കുന്ന ശരീരഭാഗങ്ങൾ കണ്ടെത്തൽ, ആഹാര രീതിയും ശാരീരിക |

| | |
|---|---|
| | സവിശേഷതകളും തമ്മിലുള്ള ബന്ധം - നിഗമനം രൂപീകരിക്കൽ. പൂമ്പാറ്റകളെ നിരീക്ഷിക്കൽ, ചിത്രശലഭത്തിന്റെ ജീവിത ചക്രം പൂർത്തിയാക്കൽ, പൂമ്പാറ്റക്ക് നിറം നൽകൽ, പൂമ്പാറ്റകളെ ചിത്രീകരിക്കൽ, ജൈവ വൈവിധ്യ ഉദ്യാനം വിപുലീകരിക്കൽ, ജീവികളുടെ ആവാസ വ്യവസ്ഥകൾ ഇല്ലാതായാൽ -ചർച്ച. ജീവികളുടെ ആവാസകേന്ദ്രങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം ചെയ്യാം. നിർദ്ദേശങ്ങൾ തയ്യാറാക്കൽ |
| **ഓഗസ്റ്റ്** | Unit 3 : ജലവും മണ്ണും:-മഴയ്ക്ക് ശേഷം പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ : ചർച്ച, ചർച്ചാ കുറിപ്പ് തയ്യാറാക്കൽ.മഴമാപിനി നിർമ്മാണം - പരീക്ഷണം,മഴവെള്ളം മണ്ണിലേക്ക് താഴുന്നുണ്ടോ?- ലഘു പരീക്ഷണം.കാർട്ടൂൺ - ജലസ്രോതസ്സുകൾ രേഖപ്പെടുത്തുന്നു.ജീവികൾ പുഴയിലെ വെള്ളം എന്തിനെല്ലാം ഉപയോഗപ്പെടുത്തുന്നു. ചിത്ര നിരീക്ഷണം. ജലം ലഭിക്കാതെ വന്നാൽ ജീവജാലങ്ങൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ – ചർച്ച,ചിത്രവായന-ജലം പാഴാക്കുന്ന സന്ദർഭങ്ങൾ പട്ടികപ്പെടുത്തൽ.ജലം പാഴാക്കാതിരിക്കാനായി നമുക്ക് എന്തെല്ലാം ചെയ്യാം - പട്ടികപ്പെടുത്തൽ.പ്രായോഗി നിർദ്ദേശങ്ങൾ പട്ടിക. കിണർ വെള്ളം തെളിഞ്ഞു വരുന്നതെങ്ങനെ? ചർച്ച പരീഷണത്തിലേർപ്പെടൽ, നിഗമനത്തിലെത്തൽ,മണ്ണ്നിരീക്ഷണം,കളിമൺ രൂപങ്ങൾ നിർമ്മാണം പ്രദർശനം. മണ്ണിന്റെ പ്രത്യേകതകൾ നിരീക്ഷണം,മണ്ണിൽ ജീവിക്കുന്ന ജീവികൾ -നിരീക്ഷണം. മണ്ണിലെ വായു, ജൈവാംശം, ജലാംശം എന്നിവ കണ്ടെത്തുക - പരീക്ഷണം. |

**നാലാം ക്ലാസ്**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| **ജൂൺ** | Pre test, ചുറ്റുപാടുമുള്ള കൂട്ടുകാർ – പട്ടിക, മത്സ്യ നിർമാണം.കടലിലെ ജീവികൾ-ict, വ്യത്യസ്ത ജീവികളുടെ അനുകൂലനം, മരുഗ്രഹങ്ങൾ ict,ആമ്പൽ, തവള മേനി പറച്ചിൽ, ആവാസ്ഥ വ്യവസ്ഥ സംരക്ഷണം - കുറിപ്പ്,വർക്ക് ഷീറ്റ് |
| **ജൂലൈ** | അനുകൂലനം പട്ടിക, ഒട്ടകം, പെൻക്വയൻ മേനി പറച്ചിൽ, കുളത്തിലും വയലിലും ഉള്ള ജീവികൾ – പട്ടിക, ആവാസം ചിത്രം, ഉദാഹരണം, വ്യത്യസ്ത തരം ആവാസവ്യവസ്ഥകൾ, ജീവനുള്ളവ, ജീവനില്ലാത്തവ – പട്ടിക, പ്രകൃതിദത്ത ആവാസവ്യവസ്ഥകൾ, മനുഷ്യനിർമ്മിത ആവാസവ്യവസ്ഥകൾ – പട്ടിക, കുന്നിന്റെ ആത്മകഥ, പ്രകൃതി ദുരന്തം -ict, Poster, മിയോവാക്കി ഫോറെസ്റ്റ്-ict, ആവാസവ്യവസ്ഥകൾ തകർന്നാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ കുറിപ്പ്, വ്യത്യസ്ത തരം മലിനീകരണങ്ങൾ – കുറിപ്പ് കലിതുള്ളിയ പ്രകൃതി- ict, ആവാസ്ഥ വ്യവസ്ഥ സംരക്ഷണം - കുറിപ്പ്. വർക്ക് ഷീറ്റ് |
| **ഓഗസ്റ്റ്** | സ്വാതന്ത്ര്യ ദിനവുമായി ബന്ധപ്പെട്ട കുറിപ്പ്,സ്വാതന്ത്ര്യ ദിന ഗാനങ്ങൾ, മഹാന്മാരുടെ പതിപ്പ്,സ്വാതന്ത്ര്യം അന്നും ഇന്നും - ict,, ശരിയോ തെറ്റോ, ഉപ്പുസത്യാഗ്രഹം കുറിപ്പ്,Ict,ക്വിറ്റിന്ത്യാ സമരം കുറിപ്പ്,ദൃശ്യാവിഷ്കാരം, ഗാന്ധിജി ആത്മകഥ,വ്യക്തിയെ കണ്ടെത്തൽ,പ്രസംഗം,നേതാക്കളും കുട്ടികളും- പട്ടിക,ചുമർ പത്രിക,അഭിമുഖം. |

# (iv) ENGLISH

**OBJECTIVES**

```
*Make sure every child gets all learning outcomes of each term.
*To achieve listening,speaking,reading and writing skills.
*To assess learning progress and address learning gaps within the respective
term itself.
*Create ambition towards English.
*Give children confidence to express ideas in English
```

## 1st Term Activities : STD 1

| MONTH | ACTIVITIES |
|---|---|
| **JUNE** | UNIT 1: Honk honk toot toot<br><br>Attendance activity, Let's play a game today, Name crown, To my beehive,Collective picture wall, Colour the bus, Guess the color, My colour, Run to the boxes, Colour and find out, Matching game |
| **JULY** | UNIT 1:Honk honk toot toot<br><br>Find out the vehicle, My favourite vehicle, Guess the picture, Match the picture and text, Honk honk toot toot, Let's read, Complete the picture, Touch the monkey, Beehive activities, Walk stop and clap, Let's read, Emoji game, Game find out friend, Game emotions emotions, Beehive activities, Let's sing, Card game,Words i can read |
| **AUGUST** | Back to green.<br>Find the bird, Game feature fun, Game who am I, Origami parrot making, Bird song, Coloring parrot, Polly s friend, Jungle walk,Meet my friend,Grouping game, Choreography, Raindrops, Rainclap, Find the way, Polly is waiting, Game read and touch,What are you doing, Fruit salad,Fill the basket with fruits, Beehive activities |

**STD II**

| MONTH | ACTIVITIES |
|---|---|
| **JUNE** | Unit1- An umbrella for all.<br>Game, Origami,-Making an ant.Description of the ant, game- fast and slow.choral singing( activity 2) picture interaction,reading and writing. Game rain activity,conversation,add more lines to the song, colour the butterfly and describe it,( activity 6 )thought,autobiography, difference between two mushrooms,read the picture story and complete the conversation crossword puzzle, prepare Thank you card. |

| | |
|---|---|
| **JULY** | Unit2-A piece of cake<br>Activity 1to4, if you join consecutive numbers you will see the hiding friend colour the picture . Add more lines, picture interaction, thought, activity 7 conversation, activity 8 prepare a health card, look at the twopictures and find the differences prepare instructions for each exercise, picture in direction, looking at the picture and describe the events TB reading and writing decorate the cake and colour it, write conversation, thought write a characters name in the dialogue, add more lines, food habits, food items, add your favourite food, arrange the events of the story in proper order. Unit test, |
| **AUGUST** | Unit2, A piece of cake<br>Activity 1to4 if you join consecutive numbers you will see the hiding friend colour the picture . Add more lines, picture interaction, thought, activity 7 conversation, activity 8 prepare a health card, look at the twopictures and find the differences prepare instructions for each exercise, picture in direction, looking at the picture and describe the events TB reading and writing decorate the cake and colour it, write conversation, thought write a characters name in the dialogue, add more lines, food habits, food items, add your favourite food, arrange the events of the story in proper order. Unit test, |

**STD III**

| MONTH | ACTIVITIES |
|---|---|
| **JUNE** | Unit 1- Tender Touch.<br>Ball Relay, Titular page ~~interaction. A Sunny Morning reading. Filling speech bubbles, Sasha's favourite snackreading, Wrong,wrong,wrong. Skit, Activity 3, picture interaction~~house hold chores, Activity 12 kitchen items-vocabulary. The Surprise- reading,Reading material for LPL, A Girl At the Window- reading, Activity 14-I would like to......, Writing thoughts, The Girl comes again- reading, The Gift- reading, Description writing, |
| **JULY** | Unit 1: Conversation writing,chat box,Tear of Joy-reading,Find act of kindness,Arrange events in correct order,Read and find suitable emojis,Cross Word Puzzle,Read and enjoy poem,-choreography, Rhyming words,Add more lines,Recast-Narrate the story,<br>Creative space-construct simple stories, Digitasks. |
| **AUGUST** | Unit 2: Festive Fun.<br>Quote- Discussion, speaking.Picture interaction,The Sea Palace-reading .Game - Follow instructions.Making Paper Fish -Follow instructions.The Mermaid - reading.Identify and write names of sea creatures.Writing corversation.Birthday Party reading. Writing experience of a party. |

**STD IV**

| MONTH | ACTIVITIES |
|---|---|
| **JUNE** | Unit 1:<br>Video comprehension,Reading,Question and answers,Making glossary, Guess the next part of story,Role play. |
| **JULY** | Unit 1-Knowing about emergency number and uses, Reading with expression, voice modulation, Underlying unknown words, Brainstorming questions, Diary, Notice, Conversation, Rearrange sentences, Action words, Enacting conversation |
| **AUGUST** | true or false, Revising the story, Naming words, Action words, Poem comprehension, Question and answers, Drawing pictures, Rhyming words, Mock interview, Picture reading, Enact story, Picture analysis, Discoveries words, Story making |

\ **(v)അറബി**

-

| ലക്ഷ്യങ്ങൾ : | പ്രവർത്തനങ്ങൾ |
|---|---|
| 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്<br>2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം<br>3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്ന പറയുന്ന<br>4. കഥ, കവിത എന്നിവ ശകട്ട് ആസവദിക്കുന്നതിന്<br>5. മാഗസിൻ നിർമ്മാണം<br>6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു | അക്ഷരക്കാർഡുകൾ വായന, ICT-വായന<br>പദശേഖരണം , പദനിര്മാണ മത്സരം<br>ഉപചാരവാക്കുകൾ പറയൽ<br>കവിതാസ്വാദനം , ചൊല്ലി അവതരിപ്പിക്കൽ<br>കവിതയുടെ ചിത്രീകരണം<br>പ്ലക്കാർഡ് നിർമ്മാണം, പോസ്റ്റർ നിർമ്മാണം<br>മാഗസിൻ നിർമ്മാണം<br>ദിനാചരണങ്ങൾ<br>വിവരണം എഴുതൽ<br>സംഭാഷണം എഴുതൽ |
| **അറബിക് ലൈബ്രറി** : ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലെയും കുട്ടികൾക്ക് അനുയോജ്യമായ പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. | |

**അറബി പ്രവർത്തനങ്ങൾ ഒന്നാം ടേം - STD I**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| **ജൂൺ** | കഥ കേൾക്കുന്നു. കഥാപാത്രങ്ങളുടെ പേരുകൾ മനസ്സിലാക്കുന്നു.ب ا എന്നീ അക്ഷരങ്ങൾ വായിക്കുന്നു എഴുതുന്നു |
| **ജൂലൈ** | ر ت ب എന്നീ അക്ഷരങ്ങൾ മനസ്സിലാക്കുന്നു എഴുതുന്നു |

| | |
|---|---|
| | ഈണത്തോടെ പാട്ട് പാടുന്നു. ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു |
| ഓഗസ്റ്റ് | ഫ്രൂട്സുകളുടെയും മൃഗങ്ങളുടെയും പേരുകൾ മനസ്സിലാക്കുന്നു.<br>ض ق د ص س ك ح അക്ഷരങ്ങൾ വായിക്കുന്നു എഴുതുന്നു ഉപചാരവാക്കുകൾ പറയുന്നു ഈണത്തിൽ പാട്ട് പാടുന്നു |

**STD II**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | *ചിത്രകഥ.കേൾക്കുന്നു ആസ്വദിക്കുന്നു.ആശയം മനസ്സിലാക്കുന്നു.സംഭാഷണം. ശൈലി മനസ്സിലാക്കുന്നു.ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു,പ്രയോഗിക്കുന്നു. പ്രകടമായ സർവ്വനാമങ്ങൾ മനസ്സിലാക്കുന്നുهذه هذا. കവിത-കേൾക്കുന്നു, ആസ്വദിക്കുന്നു,ഈണത്തിൽ ചൊല്ലുന്നു<br>ض ضذه അക്ഷര രൂപങ്ങൾ മനസ്സിലാക്കുന്നു, എഴുതുന്നു |
| ജൂലൈ | സംഭാഷണം,ഉപചാരവാക്കുകൾ,പാഠഭാഗത്തിൽ വന്ന അക്ഷരങ്ങളുടെ വിവിധ രൂപങ്ങൾ മനസ്സിലാക്കുന്നു |
| ഓഗസ്റ്റ് | യൂണിറ്റ് 2 ആരോഗ്യം,സംഭാഷണം,നോട്ടീസ്, നിറങ്ങൾ |

**STD III**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ചിത്രവായന, ചിത്രകഥ,വായിക്കുന്നു,ആശയം മനസ്സിലാക്കുന്നുസർവ്വനാമങ്ങൾ أنت أنا ,أنت ,വിവരണം തയ്യാറാക്കുന്നു |
| ജൂലൈ | الماضي و المضارع മനസ്സിലാക്കുന്നു,കവിത പാടുന്നു,ആസ്വദിക്കുന്നു,വ്യത്യസ്ത ഈണം കണ്ടെത്തുന്നു,കവിത രചിക്കുന്നു |
| ഓഗസ്റ്റ് | വിവരണം,ചിത്രം ശ്രദ്ധിക്കുന്നു,ചർച്ച ചെയ്യുന്നു,അഭിപ്രായം പറയുന്നു, സഹജീവികളോട് സ്നേഹം അനുകമ്പ എന്നിവ കുട്ടികളിലുണ്ടാക്കുന്നു, സംഭാഷണം-വായിക്കുന്നു,മനസ്സിലാക്കുന്നു,സംഭാഷണം ഉണ്ടാക്കുന്നു<br>لم؟ أين؟ ماذا؟ എന്നിവ മനസ്സിലാക്കുന്നു |

**STD IV**

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | യൂണിറ്റ് 1 പരിസ്ഥിതി കഥ\,പുതിയ നാമങ്ങളും ക്രിയകളും,ഏകവചനം-ബഹുവചനം,കവിത,ജലസ്രോതസ്സുകൾ,സംരക്ഷണം,പ്ലക്കാർഡ് നിർമ്മാണം |
| ജൂലൈ | വിവരണംആശയം മനസ്സിലാക്കുന്നു,ലഘു വിവരണം രചിക്കുന്നു,സംഭാഷണം |
| ഓഗസ്റ്റ് | സുരക്ഷ,ചിത്രകഥ,ഭക്ഷ്യസുരക്ഷ മനസ്സിലാക്കുന്നു,സ്ത്രീലിംഗം,പുല്ലിംഗം<br>الماضي والمضارع,സ്കൂൾ അസംബ്ലി സാങ്കേതിക പദങ്ങൾ മനസ്സിലാക്കുന്നു പ്രയോഗവൽക്കരിക്കുന്നു |

## മേഖല 5:ഐ സി ടി

**ലക്ഷ്യങ്ങൾ :**

***വിവരസാങ്കേതിക സംവിധാനങ്ങൾ ഉപയോഗിക്കാൻ എല്ലാ കുട്ടികൾക്കും പരിശീലനം നൽകുക. പഠനപ്രവർത്തനങ്ങൾ സുഗമമാക്കാനും ആസ്വാദ്യകരമാക്കാനും വിവരസാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തുക.*കൂടുതൽ അന്വേഷണങ്ങൾക്കും പഠനത്തിനും സർഗാത്മകവികാസത്തിനും ഐ സി ടി സംവിധാനം ഉപയോഗിക്കാൻ കഴിയുക.**

### പ്രവർത്തനങ്ങൾ:

**-കളിപ്പെട്ടിയിലെ പ്രവർത്തനങ്ങളെ വിവിധ വിഷയങ്ങളുമായി ബന്ധിപ്പിച്ച് ആസൂത്രണം നടത്തുന്നു.**

**-വിഷയ ബന്ധിതമായി കളിപ്പെട്ടിയിലെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നു.**

**-ഓരോ എസ് ആർ ജി മീറ്റിംഗിലും ആ ആഴ്ചയിൽ ഐ സി ടി ഉപയോഗിക്കുന്ന കളിപ്പെട്ടിയിലെയും അല്ലാത്തതും ആയ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നു.**

**-അടുത്ത എസ് ആർ ജി മീറ്റിംഗിൽ അതിന്റെ റിവ്യൂ നടത്തുന്നു.**

**-ദിനാചരണങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കാൻ ഐ സി ടി സംവിധാനം ഉപയോഗിക്കുന്നു.**

**-നവസാങ്കേതികമാധ്യമങ്ങളിലൂടെ പഠനാനുഭവം, മികവുകൾ എന്നിവ മറ്റുള്ളവരുമായി പങ്കു വയ്ക്കാൻ അവസരം ഒരുക്കുന്നു.**

***കളിപ്പെട്ടി പ്രവർത്തനങ്ങൾ: ഒന്നാം ടേം***

| *ക്ലാസ്സ്* | *പ്രവർത്തനങ്ങൾ* |
|---|---|
| 1 | മാനം നോക്കി വരയ്ക്കാം, ചതുരക്കള്ളിയിൽ ഒരു വീട്, ക്ലിക്ക്, എത്ര എത്ര നിറങ്ങൾ, എണ്ണാം നിറം കൊടുക്കാം, |
| 2 | ടക്സുമായി കളിക്കാം, എവിടെ, വഴി കാണിക്കൂ, കാർഡിലുള്ളത് എടുക്കാം, ശരിയായത് എഴുതാം, സംഖ്യകളുടെ കയറ്റവും ഇറക്കവും. |
| 3 | ഏതു തീവണ്ടി?ജീവനുണ്ടോ?വരിയൊപ്പിക്കാം?നിറമേത്?എന്തൊക്കെ രൂപങ്ങൾ? ക്രമത്തിലാക്കാം. |
| 4 | ചിത്രം വരയ്ക്കാം-രൂപങ്ങൾ നിർമ്മിക്കാം-റോമൻ അക്കങ്ങൾ(ഗണിതം), ക്രമത്തിലാക്കാം (ഇംഗ്ലീഷ്), സംസ്ഥാനങ്ങളും തലസ്ഥാനങ്ങളും,കനാൽ കടക്കാം(evs-), ഉത്സവമേളം (മലയാളം) |

## മേഖല 6:തനതു പ്രവർത്തനം

## ഞങ്ങളുടെ തനതു പ്രവർത്തനം-1

വിദ്യാലയത്തിന്റെ പേര് : **ജി എൽ പി സ്കൂൾ നന്നമ്പ്ര**

പഞ്ചായത്ത്; **നന്നമ്പ്ര** ബി ആർ സി : **താനൂർ**

ഞങ്ങളുടെ വിദ്യാലയം ഏറ്റെടുക്കുന്ന പ്രവർത്തനത്തിന്റെ പേര് : **LET'S TALK**

***പ്രവർത്തനത്തിന്റെ സംഗ്രഹം:***

**കുട്ടികൾ ഇംഗ്ലീഷിൽ ലളിതമായി സംസാരിക്കാനുള്ള കഴിവും ആത്മവിശ്വാസവും വളർത്താൻ ലക്ഷ്യമിട്ടു കൊണ്ടുള്ളതാണ് ഈ പ്രവർത്തനം. വിവിധ ജീവിത സന്ദർഭങ്ങളിൽ നടത്തുന്ന ഇംഗ്ലീഷിലുള്ള ലളിതമായ സംഭാഷണങ്ങൾ കുട്ടികൾക്ക് നൽകുന്നു. കുട്ടികൾ അത് റോൾ പ്ലേ ആയും മറ്റും ക്ലാസ്സിൽ അവതരിപ്പിക്കുന്നു. ഒരാഴ്ച ഒരു സന്ദർഭത്തിലുള്ളത് നൽകുന്നു.അത് മുഴുവൻ കുട്ടികളും പറയാൻ പഠിക്കണം. 1-മുതൽ 4-വരെയുള്ള ക്ലാസ്സുകാർക്ക് ആവശ്യമെങ്കിൽ നിലവാരമനുസരിച്ച് മാറ്റങ്ങളോടെ നൽകുന്നു. ഇങ്ങനെ ഓരോ ആഴ്ചയും ഓരോ സന്ദര്ഭത്തിനുള്ളത് നല്കുന്നു.ഓരോ ക്ലാസ്സിൽനിന്നും മികച്ച ഒന്ന് ബാലസഭയിൽ അവതരിപ്പിക്കുന്നു.**

**ക്ലാസ് : 1 മുതൽ 4 വരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും**

## ഞങ്ങളുടെ തനതു പ്രവർത്തനം-2

വിദ്യാലയത്തിന്റെ പേര് : **ജി എൽ പി സ്കൂൾ നന്നമ്പ്ര**

പഞ്ചായത്ത്; **നന്നമ്പ്ര** ബി ആർ സി : **താനൂർ**

ഞങ്ങളുടെ വിദ്യാലയം ഏറ്റെടുക്കുന്ന പ്രവർത്തനത്തിന്റെ പേര് : **പുസ്തകപ്പുലരി**

**പ്രവർത്തനത്തിന്റെ സംഗ്രഹം:**

രക്ഷിതാക്കളിൽ വായന ശീലം വളർത്താനുള്ള പ്രവർത്തനമാണ്. സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾക്ക് കൂടി പ്രയോജനപ്പെടുത്താൻ ഇതിലൂടെ കഴിയും.

രക്ഷിതാക്കളെ വിവിധ ഗ്രൂപ്പുകളായി തിരിക്കുന്നു. പ്രദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഗ്രൂപ്പ് തിരിക്കുന്നത്. ഓരോ ഗ്രൂപ്പിന്റെയും ഉത്തരവാദിത്തം ഒരു ടീച്ചർക്കായിരിക്കും.

രക്ഷിതാക്കളിൽനിന്നും ഒരു ലൈബ്രേറിയനെ തിരഞ്ഞെടുക്കുന്നു. ഓരോ ലൈബ്രേറിയന്റെ കയ്യിലും ആവശ്യമായ പുസ്തകങ്ങൾ അടങ്ങിയ പുസ്തകപ്പെട്ടി സ്കൂളിൽ നിന്നും നൽകുന്നു.ലൈബ്രേറിയൻ തന്റെ ഗ്രൂപ്പിലെ രക്ഷിതാക്കൾക്ക് പുസ്തകം വിതരണം ചെയ്യുന്നു. നോട്ട്ബുക്കിൽ രേഖപ്പെടുത്തുന്നു. വർഷാവസാനം ഏറ്റവും കൂടുതൽ പുസ്തകം വായിപ്പിച്ച ലൈബ്രറിയാനും ഏറ്റവും കൂടുതൽ പുസ്തകം വായിച്ച രക്ഷിതാവിനും പാരിതോഷികം നൽകുന്നു .

**പ്രവർത്തന കാലയളവ്: 2025-ജൂൺ മുതൽ 2026-മാർച്ച് വരെ**